കവർസ്റ്റോറി

ഡോ കെ നിഹാദ്
ഡോ എ അബ്ദുൾ ഹാരിസ്
ഡോ എസ് നീനു
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം
പ്രാദേശിക കേന്ദ്രം കായംകുളം



10 മീറ്റർ ഉയരത്തിൽ സ്ഥാപിച്ച ഓവർഹെഡ് ടാങ്ക്.ജലസേചനത്തിനാവശ്യമായ സ്ഥിരമായ ജലമർദ്ദം ഉറപ്പാക്കുന്നു - സി പി സി ആർ ഐ പ്രദർശനത്തോട്ടത്തിലെ ദൃശ്യം

# നാളികേര കൃഷി അധിക വിളവിന് വളവും വെള്ളവും അളന്ന്

ഒറ്റത്തടിയും നാല്പതോളം ഓലയും വളരെ കുറഞ്ഞ (ഏകദേശം രണ്ട് മീറ്റർ) ചുറ്റളവിൽ വേരുമുള്ള തെങ്ങ് ഒരിക്കൽ കായ്ക്കാൻ തുടങ്ങിയാൽ പിന്നെ വർഷം മുഴുവൻ കായ്ഫലമാണ്. മറ്റ് ഫലവൃക്ഷങ്ങളിൽ നിന്ന് വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രം വിളവ് ലഭിക്കുമ്പോൾ ഇത്ര കുറഞ്ഞ ഇലകളും ശിഖരവും ഉപയോഗിച്ച് എപ്പോഴും വിളവ് നൽകുന്ന ഈ അത്ഭുത വൃക്ഷത്തിന് വളർച്ചയ്ക്ക് ആവശ്യമായ പരിപാലന മുറകൾ നൽകേണ്ടത് വളരെ അത്യാവശ്യമാണ്. നല്ല മധുരമുള്ള കരിക്കിൻ വെള്ളവും ഉൾക്കട്ടിയുള്ള കാമ്പും തെങ്ങിന് നൽകുന്ന സംയോജിത പരിപാലന മുറകൾ അനുസരിച്ച് വ്യത്യാസപ്പെടുന്നു. ഒരു തേങ്ങ പൊട്ടിച്ചാൽ അതിന്റെ ഭാരത്തിന്റെ എഴുപത് ശതമാനവും വെള്ളം ആയിരിക്കും. അതുകൊണ്ടുതന്നെ വളപ്രയോഗം പോലെ തന്നെ നനയും തെങ്ങ് കൃഷിയിൽ പ്രധാനമാണ്. ശാസ്ത്രീയമായ അളവിൽ പോഷണവും ജലവും നൽകിയാൽ വിളവ് ഇരട്ടിപ്പിക്കാം എന്നതിൽ സംശയം വേണ്ട. തേങ്ങയ്ക്ക് വേണ്ടിയുള്ള കൃഷിക്ക് കൊപ്രയുടെ മേന്മ ആണ് പ്രധാനമെങ്കിൽ കരിക്കിനായ് നാളികേരം വളർത്തുമ്പോൾ കരിക്കിൻ വെള്ളത്തിനാണ് മുൻഗണന.

## നനയുടെ പ്രാധാന്യം

മണ്ണിന്റെ താപനില നിയന്ത്രിക്കുന്നതിനും അതിന്റെ ആരോഗ്യം നിലനിർത്തുന്ന സൂക്ഷ്മജീവികളുടെ വളർച്ചയും ശരിയായ തോതിലുള്ള ജലസേചനം വഴി സാധിക്കുന്നു. അതുപോലെ തന്നെ മണ്ണിലെ മൂലകങ്ങളുടെ ആഗിരണത്തിനും പ്രകാശസംശ്ലേഷണം നടക്കുന്നതിനും ജലം അത്യാവശ്യമാണ്. സസ്യസ്വേദനം (Transpiration) വഴി നഷ്ടപെടുന്ന ജലം വേരിലൂടെ വലിച്ചെടുക്കുകയാണല്ലോ ചെടികൾ ചെയ്യുന്നത്. ഇപ്രകാരം ജലം ആഗീരണം ചെയ്യുന്നതോടൊപ്പം മണ്ണിലെ ബാഷ്പീകരണത്തിലൂടെയും (evaporation) ഈർപ്പം നഷ്ടപെടുന്നു. നമ്മുടെ കാലാവസ്ഥയിൽ വേനൽകാലത്ത് ഏകദേശം അൻപത് ലിറ്റർ ജലം ഒരു തെങ്ങിൻ തടത്തിൽ നിന്ന് നഷ്ടപെടുന്നു എന്നാണ് കണക്ക്. ഈ നഷ്ടമായ ഈർപ്പം നനയിലൂടെ നൽകിയാൽ ആ മാസങ്ങളിൽ വരുന്ന പൂങ്കുലകളിൽ വെള്ളയ്ക്കകൾ പൊഴിയുന്നത് കുറയുകയും ആരോഗ്യത്തോടെ വളർന്ന് തേങ്ങയാകുകയും ചെയ്യും.

## ജലസേചനം പലതരത്തിൽ

ജലസേചനം പലതരത്തിൽ നൽകാം.

### ഹോസ് നന

ഹോസ് ഉപയോഗിച്ചുള്ള നനയ്ക്ക് ധാരാളം വെള്ളം ആവശ്യമാണ്. നമ്മൾ കൊടുക്കുന്ന വെള്ളത്തിന്റെ വെറും മുപ്പത് ശതമാനം മാത്രം ജലമാണ് തെങ്ങിന് ലഭിക്കുക. ഇപ്രകാരം നനയ്ക്കുമ്പോൾ നാല് ദിവസത്തിൽ ഒരിക്കൽ ഇരുന്നൂറ്-ഇരുന്നൂറ്റമ്പത് ലിറ്റർ വെള്ളമെങ്കിലും നൽകണം.

### തുള്ളിനന

ജലത്തിന്റെ ലഭ്യത കുറവുള്ള വേനൽകാലങ്ങളിൽ കാര്യക്ഷമതയോടെ നന നൽകാൻ തുള്ളിനന സമ്പ്രദായം അവലംബിക്കാം. ഇങ്ങനെ നൽകുന്ന

ജലത്തിന്റെ തൊണ്ണൂറ് ശതമാനത്തിൽ കൂടുതലും ചെടികൾക്ക് ലഭിക്കുന്നു.

## തളിനന

തെങ്ങിനോടൊപ്പം ഇടവിളകളും ഉണ്ടെങ്കിൽ പ്രത്യേകിച്ച് തീറ്റപ്പുൽ കൃഷി ചെയ്യുമ്പോൾ, സ്പ്രിംഗ്ലർ ജലസേചന രീതി (തളിനന) അവലംബിക്കാം. ഇപ്രകാരം നനജലം തളിച്ച് നൽകുന്ന രീതിക്ക് ഏകദേശം എഴുപത് ശതമാനമാണ് കാര്യക്ഷമത.

**90 ശതമാനം കാര്യക്ഷമത തുള്ളിനനയ്ക്ക്**

വരിയായി ഇടവിളകൾ കൃത്യമായ അകലത്തിലാണ് നട്ടിരിക്കുന്ന തെങ്ങിൽ ഇടവിളക്കൃഷിയുള്ള തോപ്പുകളിലും തുള്ളിനന തന്നെയാണ് അഭികാമ്യം.

## എത്ര വെള്ളം കൊടുക്കണം?

കൃത്യമായ അളവിൽ ജലം നൽകുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നനജലം അധികമായാൽ അവശ്യ പോഷകങ്ങൾ അധിക ജലത്തോടൊപ്പം നഷ്ടപ്പെടുന്നു. വേനൽ കാലങ്ങളിൽ തുള്ളിനനയിലൂടെ കുറഞ്ഞത് മുപ്പത്-മുപ്പത്തഞ്ച് ലിറ്റർ വെള്ളം തെങ്ങൊന്നിന് ദിവസവും നൽകണം. അതായത് ബാഷ്പീകരണത്തിലൂടെ നഷ്ടപെടുന്ന ജലത്തിന്റെ മൂന്നിൽ രണ്ട് ഭാഗമെങ്കിലും തിരികെ നൽകണമെന്ന് സാരം.

## പോഷകങ്ങളും പ്രധാനം

തെങ്ങിന്റെ വളർച്ചയ്ക്ക് ജലം പോലെ തന്നെ പ്രധാനമാണ് പോഷകമൂലകങ്ങളുടെ ലഭ്യതയും. ഒരു ചെടിക്ക് വളരാൻ പതിനേഴ് അവശ്യമൂലകങ്ങളാണ് വേണ്ടത്. ഇവയുടെ ആവശ്യം ചെടികൾക്കനുസരിച്ച് വ്യത്യസ്തമാണ്. ഈ മൂലകങ്ങൾ വായുവിൽ നിന്നും മണ്ണിൽ നിന്നുമാണ് ആഗിരണം ചെയ്യുന്നത്. മണ്ണിൽ നിന്ന് വലിച്ചെടുക്കുന്ന മൂലകങ്ങളെ അവയുടെ ആവശ്യമനുസരിച്ച് മൂന്നായി തിരിച്ചിരിക്കുന്നു - പ്രാഥമിക മൂലകങ്ങൾ, ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ. ഏറ്റവും പ്രാധാന്യമുള്ളവയെ പ്രാഥമിക മൂലകങ്ങൾ എന്ന് പറയുന്നു. നൈട്രജൻ (പാക്യജനകം) ഫോസ്ഫറസ് (ഭാവകം), പൊട്ടാഷ് (ക്ഷാരം) എന്നിവയാണത്. ഇവയെ NPK വളങ്ങൾ എന്ന് വിളിക്കുന്നു. നൈട്രജൻ ഇലകളും ശിഖരങ്ങളും വളരാൻ ആണെങ്കിൽ ഫോസ്ഫറസ് വേരുകൾക്കും പൂ മുകുളങ്ങൾക്കുമാണ് ആവശ്യം. പൊട്ടാഷ് ആണെങ്കിലോ രോഗപ്രതിരോധശേഷി, ശരിയായ ജലാഗിരണം ഗുണമേന്മ ഉള്ള കായ്കൾ എന്നിവയ്ക്കും. **ഇതിൽ നിന്നും തെങ്ങിന് ഏറ്റവും ആവശ്യമുള്ളത് പൊട്ടാഷ് ആണെന്ന് നമുക്ക് മനസ്സിലാക്കാം.** നമ്മുടെ മണ്ണിൽ പൊട്ടാഷിന്റെ അളവ് കുറവാണ് എന്നതിനാൽ തെങ്ങ് കൃഷിയിൽ തീർച്ചയായും പൊട്ടാഷ് വളം കൊടുക്കാൻ മറക്കരുത്. ദ്വിതീയ മൂലകങ്ങളിൽ പ്രധാനമായത് മഗ്നീഷ്യമാണ്. അതുകൊണ്ടുതന്നെ തെങ്ങോലകളുടെ മഞ്ഞളിപ്പിന് വർഷത്തിൽ ഒരിക്കൽ (സെപ്റ്റംബർ -ഒക്ടോബർ) അരകിലോ മഗ്നീഷ്യം സൾഫേറ്റ് നൽകാൻ ശുപാർശ ചെയ്യുന്നു.

പേരുപോലെതന്നെ വളരെ കുറഞ്ഞ അളവിൽ മാത്രം ആവശ്യമുള്ളവയാണ് സൂക്ഷ്മമൂലകങ്ങൾ. തെങ്ങിന്റെ വളർച്ചയ്ക്ക് ഏറ്റവും ആവശ്യമുള്ള മൂലകമാണ് ബോറോൺ. ഇതിന്റെ അഭാവത്തിൽ വെള്ളയ്ക്ക പൊഴിച്ചിൽ, ഓലകൾ ഒട്ടിപ്പിടിച്ച് വിരിയാതിരിക്കുക, ഒരു കുലയിൽ തന്നെ ചെറുതും വലുതുമായ തേങ്ങകൾ, പേട് തേങ്ങ തുടങ്ങിയ



മെയിൻ ലൈൻ പൈപ്പിൽ നിന്ന് സബ് ലൈൻ, ലാറ്ററൽ പൈപ്പുകൾ ക്രമീകരിച്ച് ജലം കൃഷിയിടമാകെ വിതരണം ചെയ്യുന്ന ഡ്രിപ്പ് ജലസേചന സംവിധാനം.

ലക്ഷണങ്ങൾ കണ്ടുവരുന്നു. സിങ്ക് (നാകം), കോപ്പർ (ചെമ്പ്), മാംഗനീസ് എന്നിവയാണ് മറ്റ് ആവശ്യമായ സൂക്ഷ്മ മൂലകങ്ങൾ. ഇവയെല്ലാം തന്നെ ആവശ്യത്തിൽ കുറഞ്ഞാൽ അഭാവലക്ഷണങ്ങളും കൂടിയാൽ വിഷമയലക്ഷണവും കാണിക്കുന്നു. അതുകൊണ്ടുതന്നെ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ രാസവളപ്രയോഗം സ്വീകരിക്കാവൂ.

## പൂഴിമണലിലും നല്ല വിളവൊരുക്കാം ഫെർട്ടിഗേഷനിലൂടെ

വാണിജ്യകൃഷിക്കായി തെങ്ങിൻ തോപ്പ് ഒരുക്കാൻ കുറഞ്ഞത് 50 സെന്റ് സ്ഥലമെങ്കിലും വേണം. നീർവാർച്ചാ സൗകര്യമുള്ള വളക്കൂറുള്ള മണ്ണാണ് കൃഷിക്ക് അഭികാമ്യം. എന്നിരുന്നാലും ഫെർട്ടിഗേഷൻ വഴി വെള്ളവും വളവും നൽകിയാൽ വളക്കുറവുള്ള പൂഴിമണലിലും നല്ല വിളവ് ലഭിക്കും. തെങ്ങിൻ തൈകൾ തമ്മിൽ ഇരുപത്തഞ്ചടി (ഏഴ് മീറ്റർ) എങ്കിലും അകലത്തിൽ വേണം നടാൻ. ഇപ്രകാരം വരിവരിയായി തൈകൾ നട്ടാൽ മാത്രമെ ഫെർട്ടിഗേഷനുള്ള തുള്ളിനന സൗകര്യം കൊടുക്കാൻ സാധിക്കുകയുള്ളൂ. ഇടവിളകൾ കൂടി തോട്ടത്തിൽ വളർത്തുന്നെങ്കിൽ വരികൾ തമ്മിലും കുഴികൾ തമ്മിലും ഒൻപത് മീറ്റർ അകലം വേണം.

മണ്ണിന്റെ ഘടനയും ചരിവും അനുസരിച്ച് കുഴികൾ എടുക്കാം. മണൽ കൂടുതലുള്ള പ്രദേശങ്ങളിൽ ചെറിയ കുഴികൾ (മുക്കാൽ മീറ്റർ നീളം-വീതി -താഴ്ച) മതിയാകും. എന്നാൽ പശിമരാശി, വെട്ടുകൽ പ്രദേശങ്ങളിൽ ഒരുമീറ്റർ, ഒന്നേകാൽ മീറ്റർ അളവിൽ യഥാക്രമം കുഴികൾ എടുക്കാം. മേൽമണ്ണിനൊപ്പം വേപ്പിൻപിണ്ണാക്ക് (ഒരു കിലോ) എല്ലുപൊടി അല്ലെങ്കിൽ രാജ്ഫോസ് എന്ന രാസവളം (ഇതിൽ ഏതെങ്കിലും ഒന്ന് കാൽ കിലോ) ചേർത്തതിന് ശേഷം മുക്കാൽ ഭാഗത്തോളം കുഴി മൂടുക. അതിനുള്ളിൽ ഒരു ചെറുകുഴി എടുത്തതിനു ശേഷം ആരോഗ്യമുള്ള തെങ്ങിൻ തൈകൾ നടാം. ആരോഗ്യമുള്ള തൈകൾ തിരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധ ആവശ്യം. ഏകദേശം ഒരു വർഷം പ്രായമായ തൈകളാണ് നഴ്സറികളിൽ നിന്ന് ലഭിക്കുക. അവയുടെ ആരോഗ്യം കടഭാഗത്തിന്റെ ഘനം അനുസരിച്ചിരിക്കും. പത്ത്-പന്ത്രണ്ട് സെന്റീമീറ്റർ എങ്കിലും ചുറ്റളവാണ് ആരോഗ്യമുള്ള തൈയുടെ പ്രധാന ലക്ഷണം. അതിനോടൊപ്പം നാല് - അഞ്ച് ഓലക്കാലുകൾ എങ്കിലും വിരിഞ്ഞതുമാവണം.

## നടീൽ

സാധാരണ മഴയെ ആശ്രയിച്ചുള്ള കൃഷിക്ക് കാലവർഷത്തിന് മുൻപായി ഏപ്രിൽ-മെയ് മാസത്തോടെ തൈകൾ

നടാം. നനസൗകര്യമുണ്ടെങ്കിൽ വർഷം മുഴുവൻ തൈ നടാം. തൈകൾക്ക് ആവശ്യത്തിന് നനയും തണലും നൽകാൻ ശ്രദ്ധിക്കണം. എന്നാൽ താഴ്ന്ന പ്രദേശങ്ങളിൽ തുലാവർഷം കഴിയുന്നതോടെ തൈകൾ നടുന്നതാണ് ഉത്തമം. അതികഠിനമായ വെയിലുള്ള മാസങ്ങളിൽ തൈകൾക്ക് തണൽ നൽകണം.

## വളപ്രയോഗം

ഓരോമാസവും ശരാശരി ഒരുകുല തേങ്ങവിളവെടുപ്പിനു തയ്യാറാകുന്നു. ഒരു മാസം ഒരു പൂങ്കുല എന്ന് കണക്കാക്കിയാലും ഒരു വർഷം 300 - 400 പെൺ പൂവുകൾ (മച്ചിങ്ങ) ഉണ്ടാകും. ഇതിൽ 10-30 ശതമാനം മാത്രമേ സാധാരണ പരിചരണത്തിൽ നാളികേരമായി നമുക്ക് വിളവെടുക്കാൻ സാധിക്കുകയുള്ളു. 70-90 ശതമാനം മച്ചിങ്ങയും വിവിധ കാരണങ്ങളാൽ പൊഴിഞ്ഞു പോകുന്നതായി കാണുന്നു. മച്ചിങ്ങകൾ നിലനിർത്തി നല്ല വിളവ് ലഭ്യമാകണമെങ്കിൽ തെങ്ങിന് വർഷം മുഴുവൻ സ്ഥായിയായ രീതിയിൽ നല്ല പരിചരണം നൽകണം.

തെങ്ങിന്റെ പ്രായമനുസരിച്ച് അതിന് ആവശ്യമുള്ള ജലവും വളവും വ്യത്യാസപ്പെടുന്നു. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗങ്ങളിൽ ഏറ്റക്കുറച്ചിലുകൾ വരുമെങ്കിലും ഒരു വർഷം ഒരു തെങ്ങിന് ശരാശരി യൂറിയ (1.1 കിലോ), റോക്ക് ഫോസ്ഫേറ്റ് (1.5 കിലോ), മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (2 കിലോ) എന്നിവ നൽകണം. തൈ നട്ട് മൂന്നാം മാസം മുതൽ വളപ്രയോഗം ആരംഭിക്കാം. ശുപാർശ ചെയ്യുന്ന വളത്തിന്റെ പത്തിൽ ഒരുഭാഗം മാത്രം നൽകിയാൽ മതിയാകും. തൈ നട്ട് ആദ്യവർഷം ശുപാർശ ചെയ്ത വളത്തിന്റെ മൂന്നിൽ ഒരു ഭാഗവും രണ്ടാം വർഷം മൂന്നിൽ രണ്ട് ഭാഗവും നൽകണം. മൂന്നാം വർഷം മുതൽ മുഴുവൻ വളവും നൽകാം. മഴയെ ആശ്രയിച്ചുള്ള കൃഷിയിൽ ഈ വളങ്ങൾ രണ്ട് തവണകളായി നൽകാം. കാലവർഷം ലഭിക്കുന്നതോടെ (മെയ് -ജൂൺ) ശുപാർശ ചെയ്യുന്ന വളത്തിന്റെ മൂന്നിൽ ഒരു ഭാഗം നൽകാം. ബാക്കി വളം തുലാവർഷത്തോടെ (സെപ്റ്റംബർ-ഒക്ടോബർ) കൊടുക്കണം. മഴയെ ആശ്രയിച്ചുള്ള വളപ്രയോഗ രീതിയിൽ മൂലകങ്ങളുടെ ഉപയോഗക്ഷമത വളരെ കുറവായിരിക്കും. വർഷം മുഴുവൻ മണ്ണിൽ ഈർപ്പം നിലനിർത്തുന്നത് ആരോഗ്യത്തോടെയുള്ള വളർച്ചയ്ക്ക് സഹായിക്കും. നനസൗകര്യമുള്ള തെങ്ങിന് ശുപാർശ ചെയ്ത വളം തുല്യ അളവിൽ നാല് (ഏപ്രിൽ, ജൂലൈ, ഒക്ടോബർ, ജനുവരി) ഗഡുക്കളായി നൽകാം.

## ഫെർട്ടിഗേഷൻ വെള്ളത്തിനൊപ്പം വളവും

നനജലത്തോടൊപ്പം വളവും കൊടുക്കുന്ന രീതിയാണ് ഫെർട്ടിഗേഷൻ. കൃത്യമായ അളവിൽ ഫെർട്ടിഗേഷൻ നൽ



തെങ്ങിൻതടത്തിൽ ഡ്രിപ്പ് ജലസേചന സംവിധാനം

കിയാൽ തെങ്ങുകൾക്ക് അധിക വിളവ് ലഭിക്കുന്നതോടൊപ്പം നേരത്തെ തന്നെ പൂവിടുകയും കായ്ക്കുകയും ചെയ്യുന്നതായി പഠനങ്ങൾ പറയുന്നു. കരിക്കിനായി കൃഷി ചെയ്യുമ്പോൾ ജലസേചനത്തിനുള്ള പങ്ക് വളരെ വലുതാണ്. നനജലം കൊടുക്കുന്നതിലുമുണ്ട് പ്രായത്തിന് പങ്ക്. ആദ്യ വർഷം വേര് പടലങ്ങൾ ഒരു മീറ്റർ ചുറ്റളവിലാകും കൂടുതലായി കാണുക. അതുകൊണ്ട് തന്നെ 9-10 ലിറ്ററിൽ കൂടുതൽ ജലം അവയ്ക്ക് ആവശ്യമില്ല. രണ്ടാം വർഷത്തിൽ വേരോട്ടം ഒന്നര മീറ്ററിൽ എത്തുന്നതിനാൽ 12-15 ലിറ്റർ വെള്ളം എങ്കിലും ആവശ്യമായി വരുന്നു എന്നാൽ മൂന്നാം വർഷം ആകുമ്പോൾ കുറഞ്ഞത് 30-35 ലിറ്റർ ജലം ആവശ്യമാണ്. നന കൂടിയാലും കുറഞ്ഞാലും പ്രശ്നമാണ്. കൂടുതൽ നന നൽകിയാൽ മൂലകങ്ങൾ മണ്ണിൽ ഒലിച്ച പോകാൻ സാധ്യതയുണ്ട്. മണ്ണ് അനുസരിച്ച് വെള്ളത്തിന്റെ ആവശ്യം വ്യതാസപ്പെടുമെന്നു മാത്രം. മണൽ കൂടുതലുള്ള മണ്ണാണെങ്കിൽ അധികം നനജലം ആവശ്യമാകും. നനക്കുന്ന ജലം പെട്ടെന്ന് മണ്ണിലേക്ക് താഴ്ന്നുപോകുന്നത് കൊണ്ടാണിത്.

തുള്ളിനന രീതിയിൽ വെള്ളത്തോടൊപ്പം വളവും കൊടുത്ത് കൂടുതൽ തവണകളായി അവശ്യമൂലകങ്ങൾ നൽകുന്നതിലൂടെ ഉപയോഗക്ഷമത വർദ്ധിപ്പിക്കാം. വളർച്ചയ്ക്ക് ആവശ്യമുള്ള മൂലകങ്ങൾ മാസത്തിൽ ഒരിക്കലോ രണ്ടാഴ്ച കൂടുമ്പോഴോ ചെറിയ അളവിൽ വേരോട്ടമുള്ള ഭാഗത്ത് തുള്ളിനനയോടൊപ്പം നൽകാവുന്നതാണ്. ഇപ്രകാരം ഈ വളങ്ങൾ പത്ത് മുതൽ ഇരുപത് തവണയായി നൽകുന്നു. മഴ അധികമുള്ള രണ്ട് മാസക്കാലം (ജൂൺ -ജൂലൈ) അവയ്ക്ക് ഫെർട്ടിഗേഷൻ നൽകുന്നില്ല. പകരം തടം തുറന്ന് ഒരു കിലോ വീതം ഡോളോമൈറ്റ് അഥവാ കുമ്മായം ഇട്ട് കൊടുത്ത് രണ്ടാഴ്ചയ്ക്ക് ശേഷം വേപ്പിൻപിണ്ണാക്ക് (2 കി. ഗ്രാം), മണ്ണിരക്കമ്പോസ്റ്റ് (3 കി. ഗ്രാം) എന്നിവ നൽകി മണ്ണുമായി ചേർത്തതിന് ശേഷം നൂറ് ഗ്രാം മുളപ്പിച്ച വൻപയർ വിത്ത് ചുവട്ടിൽ പാകി കൊടുക്കാം. അവ വളർന്ന് ഒന്നോ രണ്ടോ പൂക്കൾ ആകുമ്പോൾ പിഴുത് ചുവട്ടിൽ ഇട്ടുകൊടുക്കാം. അതിനു ശേഷം മുൻപ് പറഞ്ഞത് പോലെ ഫെർട്ടിഗേഷൻ തുടരാവുന്നതാണ്.

ഫെർട്ടിഗേഷൻ നൽകുന്നതിനായി പത്ത് മീറ്റർ ഉയരത്തിൽ ആയിരം ലിറ്റർ ജലസംഭരണി ശേഷിയുള്ള ടാങ്ക് വയ്ക്കുകയാണ് ആദ്യപടി. ജലസേചനത്തിനായി ഉപയോഗിക്കുന്ന വെള്ളത്തിൽ വളങ്ങൾ കലക്കി അരിച്ച് ഒഴിച്ചുകൊടുക്കുകയോ വെള്ളം പോകുന്ന കുഴലിലേക്കു വളസംഭരണിയിൽ നിന്ന് നേരിട്ട് വളങ്ങൾ മിക്സ് ചെയ്യാനുള്ള സംവിധാനം ഒരുക്കുകയോ ചെയ്യാം. വളം കലർന്ന വെള്ളം അരിച്ചു വേണം കുഴലുകളിലൂടെ വിടാൻ. അതിനായി പലതരത്തിലുള്ള ഫിൽറ്റർ ഉപയോഗിക്കാം. സ്ക്രീൻ ഫിൽറ്റർ ആണ് സാധാരണയായി ഉപയോഗിക്കാറ്. പതിനാറ് അല്ലെങ്കിൽ പന്ത്രണ്ട് എം.എം കുഴലുകളാണ് ഇതിനായി ഉപയോഗിക്കുക. അതിൽ നിന്നും ചെറിയ കുഴലുകൾ തെങ്ങിൻ തടത്തിലേക്ക് നൽകാം. ആദ്യ വർഷങ്ങളിൽ ഒരു തടത്തിൽ രണ്ട് ഭാഗത്ത് തുള്ളിനന ലഭിച്ചാൽ മതിയാകും പിന്നീട് നനസൗകര്യം നാല് ഭാഗത്തും കൊടുക്കണം.

തെങ്ങിൻതോട്ടവും തെങ്ങിന്റെ മണ്ട ഭാഗവും വൃത്തിയായി സൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഉണങ്ങിയ ചൂട്ടും ഓലയും എല്ലാം തന്നെ തടത്തിൽ പുതയിടാനായി ഉപയോഗിക്കാം. ശാസ്ത്രീയമായ പരിപാലനത്തിലൂടെ വർഷം മുഴുവൻ സ്ഥായിയായ വിളവ് ലഭിക്കുന്നു. കരിക്കിനായുള്ള കുലകൾ ഏഴ്-എട്ട് മാസത്തിനുള്ളിൽ വിളവെടുക്കാം. അതുകൊണ്ടുതന്നെ ഒരു വർഷം പന്ത്രണ്ട് കുലകളിൽ കൂടുതൽ കരിക്ക് നമുക്ക് ലഭിക്കുന്നു. ഇത് തെങ്ങിന്റെ ഉത്പാദനം കൂട്ടുന്നതോടൊപ്പം ആദായവും വർദ്ധിപ്പിക്കുന്നു. ■

### ഫെർട്ടിഗേഷൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഫെർട്ടിഗേഷന് ഉപയോഗിക്കുന്ന രാസവസ്തുക്കൾ ജലസേചന സാമഗ്രികളുമായി പ്രതിപ്രവർത്തിക്കാത്തതായിരിക്കണം.

വളങ്ങൾ വെള്ളത്തിൽ പൂർണ്ണമായും ലയിക്കുന്നതാകണം.

ജലത്തിലുള്ള മറ്റു ലവണങ്ങളുമായി പ്രതിപ്രവർത്തനം നടത്തുന്നവയായിരിക്കരുത്.

രാസവള മിശ്രിതങ്ങൾ ഉപയോഗിക്കുമ്പോൾ അവ യോജിച്ചു അലേയ സംയുക്തങ്ങൾ രൂപപ്പെടുന്നതാണോ എന്ന് മുൻകൂട്ടി അറിഞ്ഞിരിക്കണം.

രാസവളലായനികൾ കടത്തിവിട്ട് ശേഷം 5 മുതൽ 10 മിനിറ്റ് സമയത്തേക്ക് ശുദ്ധജലം കടത്തിവിട്ട് എല്ലാ പൈപ്പുകളും എമിറ്ററുകളും വൃത്തിയാക്കണം.